# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്
### (2026-27)

**SIXTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2026-27)**

**2026 ഫെബ്രുവരി 23 -ാം തീയതി സമർപ്പിച്ചത്**
**(Presented on 23rd February 2026)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ

( FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**

**ആറാമത് റിപ്പോർട്ട് (2026-27)**

**SIXTH REPORT ON THE SCRUTINY OF**

**DEMANDS FOR GRANTS**

**(2026-27)**

212/2026.

## ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2026-2027 സാമ്പത്തികവർഷത്തെ ബജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സൺ ആയ ഞാൻ സമർപ്പിക്കുന്നു.

2026 ഫെബ്രുവരി 7, 11 എന്നീ തീയതികളിലെ യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുതപദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,

ചെയർപേഴ്സൺ,

*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,

2026 ഫെബ്രുവരി 23.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ടു ചെയ്തത് - 1776,72,34,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

**തൊഴിലും നൈപുണ്യവും വകുപ്പ്**

2230-01-001-99—നടത്തിപ്പ്

വിഹിതം : 11,61,44,000 രൂപ (പദ്ധതിയേതരം)

1. ലേബർ കമ്മീഷണറുടെ ഓഫീസിലെ വിവരസാങ്കേതികവിദ്യ, ടെലിഫോൺ ചെലവ് എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-001-98—ജില്ലാ ആഫീസുകൾ

വിഹിതം : 39,12,43,000 രൂപ (പദ്ധതിയേതരം)

2. മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വിവരസാങ്കേതികവിദ്യ ആവശ്യത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-98—പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ്

വിഹിതം : 5,86,30,000 രൂപ (പദ്ധതിയേതരം)

3. ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-89—തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

4. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS)-ന്റെ സമഗ്രമായ നവീകരണത്തിനും തൊഴിൽ വകുപ്പിന്റെ ആധുനികവത്കരണത്തിൽ ഉൾപ്പെടുത്തി തൊഴിൽ ഭവൻ കെട്ടിടത്തിന്റെ ടെറസിലെ ചോർച്ച പരിഹരിക്കുന്നതിനുമായി 3.3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

5. കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ, 72.0027 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-60—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

6. അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ കുടിശ്ശിക വിതരണം, മരം കയറ്റതൊഴിലാളി അവശത പെൻഷൻ വിതരണം എന്നിവയ്ക്കായി 40 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-53—എസ്റ്റേറ്റ് തൊഴിലാളികൾക്കുള്ള ആശ്വാസനിധി

വിഹിതം : 1,25,00,000 രൂപ (പദ്ധതി)

7. എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതിയിൽ മുൻ വർഷത്തേക്കാൾ അപേക്ഷകളുടെ എണ്ണം കൂടുതലായി ലഭിക്കുമെന്നതിനാൽ 35 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-35-10—കേരള ചുമട്ട് തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതി- സംഭാവന

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

8. കേരള ചുമട്ട് തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതിയുടെ നടത്തിപ്പിന് 5.3685 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-92—മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 60,00,000 രൂപ (പദ്ധതി)

9. മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നിർമ്മാണ ചെലവ് പൂർണ്ണമായും വിതരണം ചെയ്യുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുമായി 1.2650 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-91—നഗര പ്രദേശത്തെ ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ്

വിഹിതം : 75,00,000 രൂപ (പദ്ധതി)

10. സ്ത്രീ തൊഴിലാളികൾക്ക് വാടക ഈടാക്കി സുരക്ഷിതമായ താമസസൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തിൽ വിഭാവനം ചെയ്തിട്ടുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിയനുസരിച്ച് കഴക്കൂട്ടം, മേനംകുളത്തുള്ള കിൻഫ്ര അപ്പാരൽ പാർക്കിൽ നിർമ്മാണം ആരംഭിച്ച സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കുന്നതിനായി 7.25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-90—തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസവും അസംഘടിത പാവപ്പെട്ട നഗരതൊഴിലാളികൾക്ക് മിതമായ നിരക്കിൽ ഭവനവും (ഭവനം & ജനനി)

വിഹിതം : 75,00,000 രൂപ (പദ്ധതി)

11. ഭവനം പദ്ധതി (വയനാട്) നടപ്പിലാക്കുന്നതിനായി 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-89—അതിഥി തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

12. അതിഥി തൊഴിലാളികളെ വാടക ഈടാക്കി പാർപ്പിക്കുന്നതിനായി അപ്നാഘർ പദ്ധതിയനുസരിച്ച് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പ്രവർത്തിച്ച് വരുന്ന ഹോസ്റ്റൽ കെട്ടിടം, കൂടുതൽ തൊഴിലാളികളെ താമസിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ വിപുലീകരിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം, കേരള റബ്ബർ ലിമിറ്റഡിന്റെ പുതിയ പദ്ധതി, അപ്നാഘർ പാലക്കാട് പദ്ധതിയിൽ കിണർ/ കുഴൽ കിണർ, സോളാർ സിസ്റ്റം സ്ഥാപിക്കൽ എന്നിവയ്ക്കുമായി 10.25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-201-87—മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ട്രാൻസിറ്റ് സ്റ്റേ സൗകര്യം (ഭവനം ഫൗണ്ടേഷൻ)

വിഹിതം : ഇല്ല

13. മോട്ടോർ ട്രാൻസിറ്റ് സ്റ്റേ ഫെസിലിറ്റി-കെ.ആർ.എൽ. പദ്ധതി നടപ്പിലാക്കുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യാവസായിക പരിശീലന വകുപ്പ്

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 14,39,59,000 രൂപ (പദ്ധതിയേതരം)

14. ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 2 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 90,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 81,000 രൂപയും മോട്ടോർ വാഹനങ്ങൾ - ഇൻഷ്വറൻസ് [21(3)] ഇനത്തിൽ 3,000 രൂപയും ഉൾപ്പെടെ ആകെ 11.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-96—വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി

വിഹിതം : 16,00,00,000 രൂപ (പദ്ധതി)

15. സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് തയ്യാറാക്കിയ നൈപുണ്യ വികസന പ്രവർത്തനങ്ങൾ വികേന്ദ്രീകൃത മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾക്കുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുക, മനുഷ്യ വിഭവ ശേഷി ഉറപ്പ് വരുത്തുക എന്നിവയിലേക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 8.6758 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-89—വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രാദേശിക ഡയറക്ടറേറ്റ്

വിഹിതം : 1,23,25,000 രൂപ (പദ്ധതിയേതരം)

16. വാടക, കരം, നികുതി (06) ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-003-98—തൊഴിലുകളുടെ വൈവിധ്യവൽക്കരണം

വിഹിതം : 36,13,000 രൂപ (പദ്ധതിയേതരം)

17. തൊഴിലുകളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട ട്രേഡുകളിലെ ട്രെയിനികൾക്ക് സ്റ്റൈപ്പെൻഡിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 2,71,37,87,000 രൂപ (പദ്ധതിയേതരം)

18. തൊണ്ണൂറ്റിനാല് ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 10 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 2 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 3 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 4 ലക്ഷം രൂപയും

സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (12) ഇനത്തിൽ 1.65 കോടി രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.914 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-96—വനിതകൾക്കുള്ള വ്യാവസായിക പരിശീലന കേന്ദ്രം

വിഹിതം : 38,48,97,000 രൂപ (പദ്ധതിയേതരം)

19. പതിനാല് വനിതാ ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 1.68 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 1,27,51,000 രൂപ (പദ്ധതിയേതരം)

20. വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്., കളമശ്ശേരി എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-48—നൈപുണ്യ കേരളം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

21. സംസ്ഥാനത്തെ നൈപുണ്യ പോഷണ രംഗത്ത് ക്രിയാത്മകമായി ഇടപെട്ട് യുവജനങ്ങൾക്കിടയിലെ തൊഴിൽക്ഷമത സമയബന്ധിതമായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന നൈപുണ്യ കേരളം പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 24 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 8,26,54,000 രൂപ (പദ്ധതിയേതരം)

22. വകുപ്പിന് കീഴിലുള്ള ആർ.ഐ. സെന്ററുകളിൽ നിന്നും തൊഴിൽ പരിശീലനം നേടിയ ട്രെയിനികളെ ട്രെയിനിംഗ് ഡയറക്ടറേറ്റിലും ഐ.ടി.ഐ. കളിലും നിയമിക്കുമ്പോൾ സ്റ്റൈപ്പെന്റ് നൽകുന്നതിലേക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും (12) ഇനത്തിൽ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-190-95—ഇക്വിറ്റി സംഭാവന - കെ.എ.എസ്.ഇ.

വിഹിതം : 19,00,00,000 രൂപ (പദ്ധതി)

23. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ജില്ലാ നൈപുണ്യ വികസന കേന്ദ്രം, നാഷണൽ റിസോഴ്സ് സെന്റർ, സെന്റേഴ്സ് ഓഫ് എക്സലൻസ് എന്നിവ സ്ഥാപിക്കുന്നതിനും KASE ആസ്ഥാന കേന്ദ്രത്തിൽ സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് സ്ഥാപിക്കുന്നതിനും വിവരസാങ്കേതിക വിദ്യാ സംവിധാനം നവീകരിക്കുന്നതിനും കെ.എസ്.ഐ.ഡി.-യ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 21.7782 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-203-99—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.-കൾ ശക്തിപ്പെടുത്തൽ

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

24. ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുറ്റിക്കോൽ, കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.കളുടെ കെട്ടിട നവീകരണത്തിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-203-95—പുതിയ ഐ.ടി.ഐ.കൾ സജ്ജീകരിക്കുന്നു

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

25. പാലക്കാട് ജില്ലയിലെ നാഗലശ്ശേരി, മലപ്പുറം ജില്ലയിലെ എടപ്പാൾ എന്നിവിടങ്ങളിലെ ഐ.ടി.ഐ.കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുക

അപര്യാപ്തമായതിനാൽ 12.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4250-00-203-94—വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള റാന്നി നോളജ് വില്ലേജ്

വിഹിതം : ഇല്ല

26. വ്യാവസായിക പരിശീലന വകുപ്പിനു കീഴിൽ പുതിയതായി ആരംഭിച്ച റാന്നി നോളജ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്**

2230-01-102-99—ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടറേറ്റ്

വിഹിതം : 25,23,27,000 രൂപ (പദ്ധതിയേതരം)

27. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി ശമ്പളം, പി.ഒ.എൽ. ആർ.&എം., ആർ.ആർ.റ്റി., യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 66.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-95—ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പ് - തൊഴിൽ സുരക്ഷയും ആരോഗ്യ പ്രവർത്തനവും (OSHA)

വിഹിതം : 1,91,52,000 രൂപ (പദ്ധതിയേതരം)

28. ഈ ശീർഷകത്തിൽ ശമ്പളം, പി.ഒ.എൽ. ആർ.&എം.,യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 82.67 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

2230-02-001-99 —എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 99,00,97,000 രൂപ (പദ്ധതിയേതരം)

29. എംപ്ലോയ്മെന്റ് വകുപ്പിൽ യു.പി.എസ്. എ.എം.സി., സെർവർ എ.എം.സി., 96 സബ് ഓഫീസുകളിലെ ഐ.റ്റി. സംബന്ധമായ ഉപകരണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കും, സ്മാർട്ട് കാർഡ് തയ്യാറാക്കുന്നതിനുമായി വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 12 ലക്ഷം രൂപയും മറ്റു ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 3.42 ലക്ഷം രൂപയും ഔദ്യോഗിക ഭാഷാ പ്രയോഗം (26) ഇനത്തിൽ 50,000 രൂപയും ഉൾപ്പടെ ആകെ 15.92 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം

വിഹിതം : 75,00,000 രൂപ (പദ്ധതി)

30. ഹാർഡ്വെയർ പർച്ചേസ്, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോർട്ടലിന്റെ പരിപാലനവും പിന്തുണയും, ഔദ്യോഗിക വെബ്സൈറ്റ് പുനർ-രൂപകൽപ്പന, പ്രൈവറ്റ് ജോബ് പോർട്ടലിന്റെ പരിപാലനവും പിന്തുണയും എന്നിവ നടത്തുന്നതിനായി 63 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കൽ

വിഹിതം : 5,50,00,000 രൂപ (പദ്ധതി)

31. സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പേരാമ്പ്ര സെന്ററിലെ അഡീഷണൽ വർക്കിനും സാമ്പത്തിക സൈകോമെടിക് ടൂൾ വാങ്ങുന്നതിനും എംപ്ളോയബിലിറ്റി സെന്ററുകളിലെയും കരിയർ ഡെവലപ്മെന്റ് സെന്ററുകളിലെയും സോഫ്റ്റ്വെയർ പരിഷ്ക്കരണത്തിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്റർ അറ്റകുറ്റപ്പണികൾക്കുമായും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.65 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)**

2230-03-188-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്- ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

32. നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും കിലെ ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുമായി സഹായധനം-ശമ്പളേതരം (36) ഇനത്തിൽ 3.48 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-188-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്-ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം

വിഹിതം : 34,68,000 രൂപ (പദ്ധതിയേതരം)

33. കിലെയിലെ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സഹായധനം-ശമ്പളം (31) ഇനത്തിൽ 24.46 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സഹായധനം-ശമ്പളേതരം (36) ഇനത്തിൽ 8.2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 32.66 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ**

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ,ആലപ്പുഴ

വിഹിതം : 2,06,72,000 രൂപ (പദ്ധതിയേതരം)

34. വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 8,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ 3.08 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 1,59,25,000 രൂപ (പദ്ധതിയേതരം)

35. തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിലെ പ്രിസൈഡിംഗ് ഓഫീസർക്ക് പാലക്കാട് ക്യാംപ് സിറ്റിംഗ് നടത്തുന്ന ആവശ്യത്തിനായി യാത്രാബത്ത [04(1)] ഇനത്തിൽ 1 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 35,000 രൂപയും ഉൾപ്പെടെ ആകെ 1.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 1,82,66,000 രൂപ (പദ്ധതിയേതരം)

36. എറണാകുളം തൊഴിൽ കോടതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാ ബത്ത [04 (1)] ഇനത്തിൽ 1.17 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 70,000 രൂപയും ഉൾപ്പെടെ ആകെ 1.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 1,28,45,000 രൂപ (പദ്ധതിയേതരം)

37. വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ നടത്തിപ്പിനായി ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 16,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.62 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 55,000 രൂപയും ഉൾപ്പെടെ ആകെ 2.33 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-85—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 2,17,17,000 രൂപ (പദ്ധതിയേതരം)

38. വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട് ഓഫീസിലേക്ക് ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.82 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 9,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 51,000 രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 6.74 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 9.16 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-79—വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ

വിഹിതം : 1,88,53,000 രൂപ (പദ്ധതിയേതരം)

39. വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂരിന്റെ നടത്തിപ്പിനായി ദിവസ വേതനം [02(5)] ഇനത്തിൽ 1.42 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 30000 രൂപയും ഉൾപ്പെടെ ആകെ 1.72 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII —വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് - 34154,78,86,000 രൂപ

ചാർജ്ജ് ചെയ്തത് - 31,51,000 രൂപ

4202-02-105-85—ഐ.ടി.ഐ. ബിൽഡിംഗ് വർക്ക്സ്

വിഹിതം : 11,00,00,000 രൂപ (പദ്ധതി)

40. ചാല ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിന്റെ ബാക്കി തുക നൽകുന്നതിനും ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ ആസ്ഥാന മന്ദിരം ചാല ഐ.ടി.ഐ. കോമ്പൗണ്ടിൽ നിർമ്മിക്കുന്നതിനും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ.കൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ.കൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക് ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപണികൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 24 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് - 12640,99,35,000 രൂപ

ചാർജ്ജ് ചെയ്തത് - 4,65,000 രൂപ

2210-01-102-98 —ഡിസ്പെൻസറികൾ

വിഹിതം : 287,07,93,000 രൂപ (പദ്ധതിയേതരം)

41. വകുപ്പിലെ ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവിടങ്ങളിലേക്ക് മെഡിക്കൽ ഗ്യാസ്, മരുന്ന് കവറുകൾ തുടങ്ങിയവ വാങ്ങുന്നതിന് സാധന സാമഗ്രികൾ (24) ഇനത്തിൽ 3 ലക്ഷം രൂപയും മരുന്ന് വിതരണത്തിനായി ഉപയോഗിക്കുന്ന വാഹന വാടക നൽകുന്നതിന് വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 7.49 ലക്ഷം രൂപയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിലെ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ഇ-ഓഫീസിന്റെ പ്രവർത്തനത്തിനായി വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 4.99 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.48 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

വിഹിതം: 124,70,15,000 രൂപ (പദ്ധതിയേതരം)

42. ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിങ്ങും [01] ഇനത്തിൽ 19.3508 കോടി രൂപയും ഡയറ്റ് (02) ഇനത്തിൽ 20 ലക്ഷം രൂപയും സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 6.637 കോടി രൂപയും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് (04) ഇനത്തിൽ 3.5654 കോടി രൂപയും യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും [08] ഇനത്തിൽ 46.97 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 30.2229 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-95-34—ഇ.എസ്.ഐ. ആശുപത്രികളുടെ മെച്ചപ്പെടുത്തലും നിലവാരമുയർത്തലും - മറ്റു ചെലവുകൾ

വിഹിതം : 30,00,000 രൂപ (പദ്ധതി)

43. 2026-27 വാർഷിക പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനായി 3.6012 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX : വൈദ്യുത പദ്ധതികൾ

വോട്ട് ചെയ്തത് - 271,69,88,000 രൂപ

ചാർജ്ജ് ചെയ്തത് - 1000 രൂപ

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

2801-80-101-99—വൈദ്യുതി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള ധനസഹായം

വിഹിതം : ഇല്ല

44. പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതിനനുവദിച്ച സബ്സിഡിയിനത്തിലും 30 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിനനുവദിച്ച സബ്സിഡിയിനത്തിലുമുള്ള നഷ്ടം നികത്തുന്നതിനായി 400 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-83—ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്.

വിഹിതം : ഇല്ല

45. ഇടമൺ - കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ് നൽകുന്നതിന് സർക്കാർ വിഹിതമായി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2801-80-190-95—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

46. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സർക്കാരിൽ നിന്നും പത്ത് വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കേണ്ടതിൽ മൂന്നാമത്തെ

ഗഡു തുകയായ 206.7999 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-94—നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)

വിഹിതം : ഇല്ല

47. ജലവൈദ്യുത പദ്ധതികളുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, നവീകരണ നിധി, എസ്ക്രോട്ട് എന്നിവയ്ക്കായി സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാനുള്ള 113.42 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-91—തൃശ്ശൂർ മുതൽ പുഗലൂർ വരെയുള്ള 320 കെ.വി., എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ്

വിഹിതം : ഇല്ല

48. തൃശ്ശൂർ-പുഗലൂർ 320 കെ.വി., എച്ച്.വി.ഡി.സി. ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിനായി സ്ഥലമേറ്റെടുത്തതിനുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജിനായി 2026-27-ലെ ബജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1.24 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4801-01-800-98—ഡാം സുരക്ഷാ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഡാം പുനരുദ്ധാരണ നവീകരണ പ്രോജക്ടിന് സംസ്ഥാന പിന്തുണ(DRIP)

വിഹിതം :5,40,00,000 രൂപ (പദ്ധതി)

49. ഡാം സുരക്ഷാ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഡാം പുനരുദ്ധാരണ നവീകരണ പ്രോജക്ടിനായി 2.24 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6801-00-190-86—ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ (വിദേശ സഹായ പദ്ധതികൾ)

വിഹിതം: ഇല്ല

50. ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾക്ക് ലോകബാങ്ക് വിഹിതമായി സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കാനുള്ള 17.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6801-00-190-79—എനർജി എഫിഷ്യൻസി ഇന്ത്യൻ ഗ്രിഡ് (ബാഹ്യ സഹായ പദ്ധതി)

വിഹിതം: 50,00,00,000 രൂപ (പദ്ധതി)

51. എനർജി എഫിഷ്യൻസി ഇന്ത്യൻ ഗ്രിഡ് സ്കീമിനായി 150 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6801-00-190-78—ഗ്രീൻ എനർജി കോറിഡോർ 2 (ബാഹ്യ സഹായ പദ്ധതി)

വിഹിതം: 100,00,00,000 രൂപ (പദ്ധതി)

52. ഗ്രീൻ എനർജി കോറിഡോർ 2—പദ്ധതിയ്ക്കായി 75 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നബാർഡ് ബന്ധിത വിവിധ പദ്ധതികൾക്ക് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു**

53. 2 മെഗാവാട്ട് ശേഷിയുള്ള, അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 2026-27 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 6801-00-190-85 (പദ്ധതി) എന്ന ശീർഷകത്തിൽ 3.34 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. 2 മെഗാവാട്ട് ശേഷിയുള്ള, പോത്തൻകോട് ചെറുകിട സോളാർ പദ്ധതിക്കായി 2026-27 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 6801-00-190-83 (പദ്ധതി) എന്ന ശീർഷകത്തിൽ 2.11 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. 1.20 മെഗാവാട്ട് ശേഷിയുള്ള, പേഴക്കാപ്പള്ളി ചെറുകിട സോളാർ പദ്ധതിക്കായി 2026-27 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 6801-00-190-82 (പദ്ധതി) എന്ന ശീർഷകത്തിൽ 7.02 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. 0.65 മെഗാവാട്ട് ശേഷിയുള്ള തലകുളത്തൂർ ചെറുകിട സോളാർ പദ്ധതിക്കായി 2026-27 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 6801-00-190-81 (പദ്ധതി) എന്ന ശീർഷകത്തിൽ 82 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

57. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ കീഴിൽ പ്രവൃത്തി പൂർത്തിയാക്കിയ ഏറനാട് ലൈസൻസ് പാക്കേജിനായി കെ.എസ്.ഇ.ബി.എൽ.-ന് ചെലവായ തുകയിൽ സംസ്ഥാന സർക്കാരിൽ നിന്നും കുടിശ്ശികയായിട്ടുള്ള 158 കോടി രൂപ 2801-80-101-85 എന്ന ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. മുട്ടത്തറ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിനായി 41.6319 കോടി രൂപ 4801-80-101-99 എന്ന ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (അനെർട്ട്)**

2810-00-188-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം : 1,89,00,000 രൂപ (പദ്ധതിയേതരം)

59. അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഭരണപരമായ ചെലവുകൾ, ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.11 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എനർജി മാനേജ്മെന്റ് സെന്റർ - കേരള**

2810-00-188-98—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 1,14,86,000 രൂപ (പദ്ധതിയേതരം)

60. എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റു ദൈനംദിന ചെലവുകൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.5208 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം
2026 ഫെബ്രുവരി 18

**കെ. കൃഷ്ണൻകുട്ടി,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി VII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.